**ഡോ: കെ. ഭാസ്കരൻ നായർ**

**വൈ**ദ്യശാസ്ത്രം ജന്തുക്കളിൽ പരീക്ഷണം തുടങ്ങിയിട്ട് ഇരുനൂറു വർഷമായി. ഈ കാലത്തിനിടയ്ക്ക് ജന്തുക്കളെ ഉപയോഗിച്ചു നടത്തിയ ഗവേഷണത്തിലൂടെ പ്രധാനമായ എല്ലാ രോഗ–ചികിത്സാപ്രശ്നങ്ങളെയും വിശദീകരിക്കുവാനും മനസ്സിലാക്കുവാനും മനുഷ്യർ ശ്രമിച്ചിട്ടുണ്ട്. പക്ഷേ അതുകൊണ്ട് പഴയ രോഗങ്ങളുടെ വർദ്ധനവ് മന്ദീഭവിച്ചിട്ടുണ്ടെന്നോ, പുതിയ രോഗങ്ങൾ ഉണ്ടാകുന്നതു് തടയുവാൻ സാധിച്ചിട്ടുണ്ടെന്നോ ധരിക്കരുതു്.

ഇന്ന് ആകെ അറിയപ്പെട്ടിട്ടുള്ളതിൽ 30 ശതമാനം രോഗങ്ങൾക്കു മാത്രമേ ചികിത്സയുള്ളു ഇതിന്റെ അർത്ഥം അവയെ ഭേദപ്പെടുത്തുവാൻ സാധിക്കുമെന്നല്ല. ജന്തു പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പടുത്തുയർത്തിയ ആധുനിക വൈദ്യവിജ്ഞാനീയം പരിഷ്കാരം ജനിപ്പിക്കുന്ന രോഗങ്ങളെ ചികിത്സിക്കുന്നതിനു ഒരു നിർദ്ദേശവും നൽകുന്നില്ല. പക്ഷേ ചികിത്സാലയങ്ങളിൽ വരുന്ന രോഗികളിൽ 80 ശതമാനവും ഇത്തരം രോഗങ്ങൾ ബാധിച്ചവരാണ്. അവരുടെ രോഗങ്ങളുടെ കാരണമെന്തെന്ന് വൈദ്യശാസ്ത്രത്തിന് ഇനിയും മനസ്സിലായിട്ടില്ല. ഏറിയ കൂറും രോഗലക്ഷണങ്ങളെ മാത്രമാണ് അതു കൈകാര്യം ചെയ്യുന്നതു് പാശ്ചാത്യ രാജ്യങ്ങളിൽ ഇന്നുണ്ടാകുന്ന രോഗബാധയുടെ കണക്ക് 1920–1930 കാലങ്ങളിൽ ഉണ്ടായിരുന്നതിന്റെ അഞ്ചിരട്ടി അധികമാണ്. ഇന്നത്തെ വർദ്ധിതമായ ആയുർദൈർഘ്യം കൂടി പരിഗണിച്ചാണ് ഇങ്ങനെ പറയുന്നതു്.

അർബുദത്തെയും, രക്തചംക്രമണത്തെ ബാധിക്കുന്ന രോഗങ്ങളെയും കുറിച്ചാണ് ഏററവും കൂടുതൽ ജന്തു പരീക്ഷണങ്ങൾ നടത്തപ്പെടുന്നതു്. എന്നാലും എല്ലാ രാജ്യങ്ങളിലും ഏററവും കൂടുതൽ മരണം സംഭവിക്കുന്നതു് ഈ രോഗങ്ങളുടെ ഫലമായിട്ടാണ്. ഹൃദ്രോഗ ഗവേഷണത്തിനു വേണ്ടിത്തന്നെ കഴിഞ്ഞ പത്തു വർഷത്തിനിടയ്ക്ക് പതിനായിരം ജന്തു പരീക്ഷണങ്ങൾ നടത്തിയിട്ടുള്ളതായി കാണുന്നു. കിം ഫലം? ഇക്കാരണത്താലുള്ള മരണങ്ങളുടെ എണ്ണം തുടരെ വർദ്ധിക്കുകയാണ്!

അർബുദഗവേഷണത്തിന്റെ കഥയും ഇതിൽനിന്നു ഭിന്നമല്ല. ഇതുവരെ മൂന്നു ലക്ഷത്തിൽപരം രാസ വസ്തുക്കൾ (അതായതു് ഔഷധവീര്യമുള്ള പദാർത്ഥങ്ങൾ) ഈ ഗവേഷണങ്ങളിൽ ജന്തുക്കളിൽ പ്രയോഗിച്ചു നോക്കിയിട്ടുണ്ട്. ഇവയിൽ ആറായിരമെണ്ണം ജന്തുക്കളിൽ ഫലപ്രദമാണെന്നും കാണുകയുണ്ടായി. എന്നാൽ മനുഷ്യ ശരീരത്തിലെ അർബുദത്തിന്റെ ചികിത്സയ്ക്കു അവയെല്ലാം പരാജയപ്പെടുകയാണ് ചെയ്തതു്. ഇംഗ്ലണ്ടിലെ അർബുദ ഗവേഷകനായ പ്രൊഫസ്സർ പീററർ അലക്സാണ്ടർ അടുത്തകാലത്തു് ലണ്ടനിൽ നടത്തിയ ഒരു പത്രസമ്മേളനത്തിൽ ഈ പരാജയം സമ്മതിച്ചു: “നാം തെററായ മാർഗ്ഗത്തിലാണ് സഞ്ചരിക്കുന്നതു്. എലി മനുഷ്യനല്ല!” അദ്ദേഹം എത്രയോ വർഷങ്ങളായി ജന്തുപരീക്ഷണം നടത്തിക്കൊണ്ടിരിക്കുന്ന ശാസ്ത്രജ്ഞനാണ്.

അവയവങ്ങൾ ഒട്ടിച്ചു ചേർക്കുന്ന ശസ്ത്രക്രിയകളെക്കുറിച്ചും സംശയമുണ്ട്. ഈ വിദ്യയുടെ സാങ്കേതിക വശങ്ങൾ വികസിപ്പിച്ചെടുക്കുകയും അവ ജന്തുക്കളിൽ ഫലപ്രദമാണെന്നു തെളിയുകയും ചെയ്തിട്ടുണ്ടെങ്കിലും മനുഷ്യരുടെ രോഗശാന്തിക്ക് അവ ഉപയോഗിക്കുന്നതിൽ കുഴപ്പങ്ങളുണ്ട്. ഒന്നാമതായി ഇത്തരം ശസ്ത്രക്രിയയ്ക്ക് വിധേയരായവർ മററുള്ളവരെ അപേക്ഷിച്ച് 140 ഇരട്ടി അർബുദ ബാധയ്ക്ക് വശംവദരാകുമെന്നു കാണുന്നു. രണ്ടാമതായി ഒട്ടിച്ചു ചേർത്ത അവയവം മാററിക്കളഞ്ഞ അവയവത്തെ ബാധിച്ചിരുന്ന അതേ രോഗത്തിനു തന്നെ, വളരെ

**“കോൺട്ടർ ബ്രീഫ്” എന്ന പശ്ചിമജെർമ്മൻ മാസികയിൽ ഇല്യാ വൈസ് എഴുതിയ ഒരു ലേഖനത്തിന്റെ സംഗ്രഹിച്ച വിവർത്തനമാണിതു്. പ്രസ്തുത പ്രസിദ്ധീകരണത്തിൽ ചേർത്തിട്ടുള്ള ഒരു ‘പരീക്ഷ്യ’ന്റെ ചിത്രവും ഇതോടൊപ്പം കൊടുക്കുന്നു. ലേഖനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കു പുറമെ ജന്തുക്കളോടു ചെയ്യുന്ന മഹാപാപവും ഈ വിഷയത്തിൽ ചിന്തനീയമാണ്. ചിത്രത്തിൽ കാണുന്ന സാധു ജീവിയുടെ കണ്ണുകളിൽ നിറഞ്ഞു നിൽക്കുന്ന കദനഭാരം ആർക്കുതാങ്ങാം!**





March 1979

Digitized by Kerala Sahitya Akademi

വേഗം, വിധേയമായിത്തീരുന്നു രണ്ടാമത്തെ കുഴപ്പം ഇത്തരം അവയവങ്ങളെ രോഗിയുടെ ശരീരം സ്വീകരിക്കണമെങ്കിൽ വലിയ അളവിലുള്ള ഔഷധപ്രയോഗം നടത്തണമെന്നുള്ളതാണ്. ഇത് രോഗിയുടെ മററവയവങ്ങളെ അപകടത്തിലാക്കും.

പകർച്ചവ്യാധികളുടെ മേൽ മനുഷ്യവർഗ്ഗം നേടിയ വിജയമാണ് ജന്തുപരീക്ഷണങ്ങളുടെ പ്രയോജനത്തിന്റെ തെളിവും സാധൂകരണവുമായി ഗവേഷകന്മാർ എപ്പോഴും ചൂണ്ടിക്കാണിക്കാറുള്ളത്. പക്ഷേ വസൂരി, പ്ലേഗ്, കോളറ ടെററനസ് തുടങ്ങിയ രോഗങ്ങൾ വ്യാപകമായ തോതിൽ അപ്രത്യക്ഷമായത് ജന്തുപരീക്ഷണങ്ങൾ വഴിയുണ്ടായ കണ്ടുപിടുത്തങ്ങൾ കൊണ്ടല്ലെന്ന് ബോദ്ധ്യപ്പെടുത്തുവാൻ സാധിക്കും. ശുദ്ധവൃത്തിയിലുള്ള ജീവിത രീതികൾ പ്രചരിച്ചതാണ് ഈ വിജയത്തിന്റെ പ്രധാന കാരണം.

പ്രതിരോധ കുത്തിവയ്പ്പുകൾ കണ്ടുപിടിക്കുവാൻ സാധിച്ചു എന്ന വസ്തുതയും ജന്തുപരീക്ഷണങ്ങൾ തുടരുന്നതിന്റെ സാധൂകരണമായി ചൂണ്ടിക്കാണിക്കാറുണ്ട്. പക്ഷേ ജന്തുക്കളിൽ നിന്നെടുക്കുന്ന ഇത്തരം പ്രതിരോധ ഔഷധങ്ങൾ മനുഷ്യശരീരത്തിന് ദോഷകരവും, പലപ്പോഴും മാരകവും ആകാറുണ്ടെന്ന് വീണ്ടും വീണ്ടും തെളിഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന് പേപ്പട്ടി വിഷത്തിന് എതിരേയുള്ള കുത്തിവയ്പ്പിന്റെ ദോഷഫലങ്ങൾ ആ രോഗം കൊണ്ടുണ്ടാകുന്ന ആപത്തിനെക്കാൾ എത്രയോ കൂടുതലാണെന്നാണ് അനുഭവം

ഔഷധശാസ്ത്ര ഗവേഷണത്തിൽ, എത്രയോ ലക്ഷം എന്ന കണക്കിൽ ജന്തുപരീക്ഷണങ്ങൾ നടത്തിയിട്ടും പുതിയ പുതിയ ഔഷധങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടുതന്നെ മനുഷ്യവർഗ്ഗത്തിന്റെ ആരോഗ്യം കൂടുതൽ കൂടുതൽ അവതാളത്തിലാവുകയാണ്. 1977-ൽ പശ്ചിമജർമ്മനിയിൽ നടന്ന ഒരു ശാസ്ത്രസമ്മേളനത്തിൽ സമർപ്പിക്കപ്പെട്ട റിപ്പോർട്ടുകളിൽ നിന്ന് ഇങ്ങനെയുള്ള 'ഔഷധ ജന്യ'മായ രോഗങ്ങൾ പ്രസ്തുത രാജ്യത്തു രേഖപ്പെടുത്തിയ രോഗബാധകളിൽ 30 ശതമാനത്തിനും, ആറു ശതമാനം മരണത്തിനും, കാരണഭൂതമാകുന്നതായി കാണുന്നു. 61 ശതമാനം വൈകല്യങ്ങൾക്കും 84 ശതമാനം ചാപിള്ളകൾക്കും അവയാണു കാരണം.

ജന്തുക്കളിൽ പരീക്ഷിച്ചു നോക്കിയതിനുശേഷം മനുഷ്യരിൽ പ്രയോഗിച്ച ഔഷധങ്ങൾ ആപത്തിനും അപഖ്യാതിക്കും കാരണമായിട്ടുണ്ട്. ഉദാഹരണം താലിഡോമൈഡ്. മൂന്നു വർഷക്കാലം മൂവായിരത്തിൽപരം ജന്തുക്കളിൽ പരീക്ഷിച്ചു നോക്കി നിർദ്ദോഷമെന്നു കണ്ടതിനു ശേഷമാണ് ഈ മരുന്നു മനുഷ്യരിൽ പ്രയോഗിക്കുന്നതിനു വേണ്ടി വിതരണം ചെയ്തത്. അതിന്റെ ഫലം എന്തായിരുന്നു എന്ന് ലോകമാകെ കുപ്രസിദ്ധമാണ്*. മെനോസിൻ, അമിഡോണൽ, കോർട്ടിസോൺ, ക്ലോറാംഫെനിക്കോൾ, പ്രാക്ടോലോൾ, മെക്ലോഫോം, ഗർഭനിരോധ ഗുളികകൾ എന്നിങ്ങനെയുള്ള ഔഷധങ്ങൾ അതികർശനമായ ജന്തുപരീക്ഷണങ്ങൾക്കു ശേഷം വിതരണം ചെയ്തിട്ടും മനുഷ്യരിൽ ആപൽക്കരങ്ങളായി അനുഭവപ്പെട്ടതു് ഏററവും ശ്രദ്ധേയമാണ്. ഓരോ വർഷവും ഔഷധനിർമ്മാതാക്കൾ തങ്ങൾ വിൽപ്പനക്കിറക്കിയ അത്ഭുത മരുന്നുകൾ പിൻവലിക്കുന്നു. അവയ്ക്ക് ദോഷഫലമുണ്ട് എന്ന കാരണത്താൽ! ഈ ദോഷങ്ങൾ ജന്തു പരീക്ഷണങ്ങളിൽ കണ്ടിരുന്നില്ല എന്നു സ്പഷ്ടമാണ്. വിചിത്രമായ മറെറാരു വസ്തുതയും ഇവിടെ പ്രസക്തമാണ്. അലക്സാണ്ടർ ഫ്ളെമിങ് താൻ കണ്ടുപിടിച്ച പെനിസിലിൻ എന്ന ഔഷധം ഗിനിപ്പിഗ്ഗുകളിലോ മുയലുകളിലോ പരീക്ഷിച്ചു നോക്കിയില്ല. അങ്ങനെ ചെയ്യുകിൽ അതു് ഒരിക്കലും മനുഷ്യരുടെ ഇടയ്ക്ക് ഉപയോഗിക്കപ്പെടുകയില്ലായിരുന്നു ഈ ജന്തുക്കളിൽ അതു് അത്യധികം ദോഷകരമാണെന്നു കാണുന്നു!

ഒരു മരുന്ന് എലിയിൽ പരീക്ഷിച്ചു നോക്കിയാൽ എലിയിൽ അതിന്റെ ഫലമെന്തെന്ന് നിശ്ചയമായും മനസ്സിലാക്കാമെങ്കിലും, മനുഷ്യനിൽ ഉണ്ടാകാവുന്ന ഫലത്തെക്കുറിച്ച് പ്രസ്തുത പരീക്ഷണം യാതൊന്നും വെളിപ്പെടുത്തുന്നില്ല. അതറിയണമെങ്കിൽ മനുഷ്യനിൽ തന്നെ പ്രയോഗിച്ചു നോക്കണം. മനുഷ്യനും മൃഗവും തമ്മിൽ ശാരീരികമായും മാനസികമായും ഉള്ള വമ്പിച്ച വ്യത്യാസം പരിഗണിക്കുമ്പോൾ സാധാരണയായി നടത്തപ്പെടുന്ന ജന്തു പരീക്ഷണങ്ങൾക്ക് എന്തെങ്കിലും അർത്ഥമുണ്ടോ എന്നുപോലും ചോദിക്കുവാൻ തോന്നുന്നു. ഗെർഹാർഡ് കീൻലെ എന്ന ഔഷധശാസ്ത്രജ്ഞൻ പറയുന്നു: 'പൊതുജനങ്ങൾ വിശേഷിച്ചും ഡോക്ടർമാരും രോഗികളും—മരുന്നുകളെ സംബന്ധിച്ചുള്ള ജന്തുപരീക്ഷണങ്ങളെപ്പററിയുള്ള പ്രഖ്യാപനങ്ങൾ കൊണ്ടു വഞ്ചിക്കപ്പെടുകയാണ്'. പുതിയ പുതിയ ഔഷധങ്ങൾ മനുഷ്യരിൽ പ്രയോഗിക്കുമ്പോൾ ഉണ്ടാകുന്ന ദോഷങ്ങളെപ്പററി ഇപ്പോൾ കൂടെക്കൂടെ കേട്ടുവരുന്ന പരാതികൾ ഈ സ്ഥിതിവിശേഷം മൂലം ഉണ്ടാകുന്നതല്ലേ എന്ന് അന്വേഷിക്കേണ്ട കാലം വന്നിരിക്കുന്നു. ഒരേ ഔഷധം തന്നെ ഭിന്ന ജാതികളിൽപ്പെട്ട ജന്തുക്കളിൽ വ്യത്യസ്തമായ ഫലങ്ങൾ ഉളവാക്കുന്നു. ഒരേ ജാതിയിൽപെട്ട ജന്തുക്കൾ തന്നെ പരീക്ഷണശാലയിൽ വളർത്തുമ്പോഴും, സ്വതന്ത്രമായി ജീവിക്കുമ്പോഴും ഒരേ ഔഷധത്തോട് ഭിന്ന രീതിയിലുള്ള പ്രതികരണങ്ങൾ പ്രദർശിപ്പിക്കുന്നു.

ജന്തുക്കളെ ആശ്രയിക്കുന്നതിനെക്കാൾ എത്രയോ കൂടുതൽ വിശ്വാസ യോഗ്യവും അപകടസാദ്ധ്യതകൾ കുറഞ്ഞതുമായ ഗവേഷണ മാർഗ്ഗങ്ങൾ ഇന്നു ലഭ്യമാണ്. മനുഷ്യ ശരീരത്തിന്റെ സൂക്ഷ്മ ഘടകങ്ങളായ സെല്ലുകളെ വേർതിരിച്ചു വളർത്തി ഔഷധങ്ങളുടെ ഫലം പരീക്ഷിച്ചു നോക്കുവാൻ സാധിക്കും. അതുപോലെ വേറെയും ഉപായങ്ങളുണ്ട്. ഈ വസ്തുതകൾ അംഗീകരിക്കുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്യേണ്ട കാലം വൈകിയിരിക്കുന്നു. ★

---

* ഈ മരുന്നു കഴിച്ച ഗർഭിണികൾ ഭയാനകമായ അംഗവൈകല്യം ബാധിച്ച ശിശുക്കളെ പ്രസവിച്ചു. ഇത്തരം 10,000 കുഞ്ഞുങ്ങൾ പശ്ചിമജർമ്മനിയിൽ, സർക്കാർ ചെലവിൽ ആതുരാലയങ്ങളിൽ ജീവിക്കുന്നുണ്ട് (വിവർത്തകൻ)

## ഗർഭധാരണത്തിനുള്ള നല്ല സമയം

ഗർഭധാരണത്തിനുള്ള സ്ത്രീയുടെ ആയുസ്സിലെ ഏററവും നല്ല സമയം ഏതാണ്? ഇരുപതു വയസിനും മുപ്പതു വയസിനും ഇടക്കുള്ള കാലഘട്ടമാണെന്ന് അമേരിക്കൻ പീഡിയാട്രിക് ബോർഡിന്റെ പ്രസിഡണ്ട് ഡോ. റിച്ചാർഡ് എൻസേ അഭിപ്രായപ്പെടുന്നു. ആരോഗ്യമുള്ള കുട്ടിക്ക് ജന്മം നൽകുന്നതിനും ഈ കാലഘട്ടമാണ് ഏററവും പററിയതു്. മൂത്ത കുട്ടിക്ക് മൂന്നു വയസ്സെങ്കിലും പ്രായമായശേഷം അടുത്ത കുട്ടി ജനിക്കുന്നതാണ് അഭികാമ്യം. മാതാവിന്റെ വയസ്സും ഗർഭധാരണങ്ങൾക്കിടയിലുള്ള സമയദൈർഘ്യവും നല്ല ആരോഗ്യമുള്ള കുട്ടിയുടെ ജനനത്തിനു ഉത്തമമായിരിക്കുമെന്നാണ് അദ്ദേഹത്തിന്റെ നിഗമനം.

പ്രസവങ്ങൾക്കിടയിലുള്ള കാലദൈർഘ്യം കുറയുന്നതുമൂലം ദുർബലരായ കുട്ടികളെ പ്രസവിക്കുന്നതു് കൂടുതലും 35 വയസ്സിനുമേൽ പ്രായമുള്ള അമ്മമാരാണെന്നു ഡോ. എൻസേ അഭിപ്രായപ്പെട്ടു. പൂർണ്ണ വളർച്ചയെത്താത്ത കുട്ടികളെ പ്രസവിക്കുന്നതു് കൂടുതലും 19 വയസിനു താഴെ പ്രായമുള്ള അമ്മമാരും ദാരിദ്ര്യത്തിന്റെ കെടുതികൾ അനുഭവിക്കുന്നവരുമാണെന്നു കണക്കുകൾ വ്യക്തമാക്കുന്നതായി ഡോക്ടർമാർ പ്രസ്താവിക്കുന്നു. ഒരേ സാമ്പത്തികനിലവാരത്തിലുള്ള കുടുംബത്തിലെ അമ്മമാരുടെ കണക്കുകൾ പരിശോധിച്ചെങ്കിലും പൂർണ്ണവളർച്ചയെത്താത്ത കുട്ടികളെ പ്രസവിക്കുന്നതു് പ്രായം കുറഞ്ഞ അമ്മമാരാണെന്ന് വ്യക്തമായി. പ്രായം കൂടുന്തോറും ബലഹീനത കുറയുകയും ചെയ്യുന്നതായി കാണുന്നു.

മാതാവിന്റെയും ശിശുക്കളുടെയും ആരോഗ്യത്തെ നിയന്ത്രിക്കുന്ന ഘടകങ്ങൾ മുഴുവൻ ജീവശാസ്ത്രപരമല്ല. അതിൽ സാമൂഹ്യങ്ങൾ സുപ്രധാനമായ പങ്ക് വഹിക്കുന്നുണ്ടെന്നാണ് സേയുടെ നിഗമനം. അതുകൊണ്ട് കൂടുതൽ കുട്ടികളുള്ള അമ്മമാർ കുട്ടികളെ പരിപാലിക്കുന്നതിലും ആരോഗ്യമുള്ള കുട്ടികൾക്ക് ജന്മം നൽകുന്നതിലും മോശമാണെന്ന ധാരണ ശരിയല്ല. ചുരുക്കത്തിൽ ഗർഭധാരണത്തിനുള്ള സമയവും പ്രസവങ്ങൾക്കിടയിലുള്ള കാലദൈർഘ്യവും മാതാവിന്റെയും കുട്ടിയുടെയും ആരോഗ്യത്തിന് അഭികാമ്യമാണ്.

സമ്പാ: പെരുമ്പളം രവി



Digitized by Kerala Sahitya Akademi